**മധുരമായ കുട്ടികളേ - ശ്രീമതമനുസരിച്ച് നടക്കുകയാണെങ്കിൽ നിങ്ങളുടെ എല്ലാ ഭണ്ഡാരയും നിറയും, നിങ്ങളുടെ ഭാഗ്യം ഉയർന്നതായി തീരും.**

**ചോദ്യം:–** ഈ കലിയുഗത്തിൽ ഏത് കാര്യത്തിലാണ് പാപ്പരായിരിക്കുന്നത്? പാപ്പരായത് കൊണ്ട് അതിന്റെ ഗതി എന്തായിരിക്കുന്നു?

**ഉത്തരം:–** കലിയുഗത്തിൽ പവിത്രത, സുഖം, ശാന്തിയുടെ കാര്യത്തിലാണ് പാപ്പരായിരിക്കുന്നത്. അതിനാൽ ഭാരതം സുഖധാമിൽ നിന്ന് ദു:ഖധാമം, വജ്രത്തിൽ നിന്ന് കക്കയ്ക്ക് സമാനവും ആയി തീർന്നിരിക്കുന്നു. ഈ കളി മുഴുവൻ ഭാരതത്തിലാണ്. കളിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം ഇപ്പോൾ ബാബ നിങ്ങളെ കേൾപ്പിച്ച് കൊണ്ടിരിക്കുന്നു. സൗഭാഗ്യശാലീ കുട്ടികൾക്ക് തന്നെയാണ് ഈ ജ്ഞാനം നല്ലരീതിയിൽ മനസിലാക്കാൻ സാധിക്കുക.

**ഗീതം:–** ഭോലാനാഥനെപ്പോലെ വ്യത്യസ്തൻ ആരുമേയില്ല.....

**ഓം ശാന്തി**. ഭഗവാനുവാച. എങ്ങിനേയുള്ള ഭഗവാൻ? ഭോലാനാഥനായ ശിവഭഗവാൻ. ബാബയും മനസിലാക്കി തരുന്നു, ടീച്ചറുടെ ജോലിയും മനസിലാക്കി തരിക എന്നാണ്. സദ്ഗുരുവിന്റെ ജോലിയും മനസിലാക്കി തരിക എന്നതാണ്. ശിവബാബയെ തന്നെയാണ് സത്യമായ ബാബ, ഭോലാനാഥൻ എന്ന് പറയുന്നത്. ശങ്കരനെ നിഷ്കളങ്കൻ എന്ന് പറയില്ല. ശങ്കരനെ കുറിച്ച് കണ്ണ് തുറന്നാൽ ഭസ്മമാക്കും എന്നാണ് പറയുന്നത്. ഭോലാ ഭണ്ഡാരി എന്ന് ശിവനെയാണ് പറയുന്നത് അതായത് ഭണ്ഡാരം നിറക്കുന്നവൻ. ഏത് ഭണ്ഡാരം? ധന–സമ്പത്തിന്റെ, സുഖ–ശാന്തിയുടെ. പവിത്രത, സുഖം, ശാന്തിയുടെ ഭണ്ഡാരം നിറച്ച് തരുന്നതിന് തന്നെയാണ് ബാബ വന്നിരിക്കുന്നത്. കലിയുഗത്തിൽ പവിത്രത സുഖ ശാന്തിയുടെ പാപ്പരത്തമാണ്, എന്തെന്നാൽ രാവണൻ ശപിച്ചിരിക്കുന്നു. എല്ലാവരും ശോകവാടികയിൽ കരഞ്ഞും, ദു:ഖിച്ചും ഇരിക്കുന്നു. ഭോലാനാഥനായ ശിവനിരുന്ന് സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യം മനസിലാക്കി തരുന്നു അതായത് നിങ്ങൾ കുട്ടികളെ ത്രികാല ദർശിയാക്കുന്നു. ഡ്രാമയെ മറ്റാരും മനസിലാക്കുന്നില്ല. മായ പൂർണ്ണമായും ബുദ്ധിശൂന്യരാക്കിയിരിക്കുന്നു. ഭാരതത്തിൽ തന്നെയാണ് ഈ ജയ പരാജയത്തിന്റെയും, സുഖ ദു:ഖത്തിന്റെയും നാടകം നടക്കുന്നത്. ഭാരതം വജ്ര തുല്യം പവിത്രമായിരുന്നു, ഇപ്പോൾ കക്കയ്ക്ക് സമാനം അപവിത്രമായിരിക്കുന്നു. ഭാരതം സുഖധാമമായിരുന്നു, ഇപ്പോൾ ദു:ഖധാമമായിരിക്കുന്നു. ഭാരതം സ്വർഗമായിരുന്നു, ഇപ്പോൾ നരകമായിരിക്കുന്നു. നരകത്തിൽ നിന്ന് എങ്ങിനെ വീണ്ടും സ്വർഗമാകുന്നു, അതിന്റെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം ജ്ഞാനസാഗരനല്ലാതെ മറ്റാർക്കും മനസിലാക്കി തരാൻ സാധിക്കില്ല. ഇതും ബുദ്ധിയിൽ നിശ്ചയമുണ്ടാകണം. ആരുടെ ഭാഗ്യമാണോ തുറക്കുന്നത്, ആരാണോ സൗഭാഗ്യശാലിയാകുന്നത് അവർക്കാണ് നിശ്ചയമുണ്ടാകുന്നത്. എല്ലാവരും ദൗർഭാഗ്യശാലികളാണ്. ദൗർഭാഗ്യശാലി എന്നാൽ ഭാഗ്യം നശിച്ചവർ, ഭ്രഷ്ടാചാരികൾ. ബാബ വന്ന് ശ്രേഷ്ഠാചാരിയാക്കുന്നു. ആ ബാബയെ മനസിലാക്കാനും ചിലർക്ക് പ്രയാസമുണ്ടാകുന്നു, കാരണം ബാബയ്ക്ക് ദേഹമില്ല. പരമമായ ആത്മാവാണ് സംസാരിക്കുന്നത്. പവിത്ര ആത്മാക്കൾ ഉണ്ടാകുന്നത് സത്യയുഗത്തിലാണ്. കലിയുഗത്തിൽ എല്ലാവരും പതിതരാണ്. അനേക മനോകാമനകളുമായി ജഗദംബയുടെ അടുക്കൽ ചെല്ലുന്നു, ഒന്നും മനസിലാക്കുന്നില്ല എന്നിട്ടും ബാബ പറയുന്നു ആരെല്ലാം ഏതെല്ലാം ഭാവനയോടെ പൂജ ചെയ്യുന്നുവോ ഞാൻ അവർക്ക് അൽപ്പകാല ക്ഷണഭംഗുരമായ ഫലം നൽകുന്നു. ജഡ മൂർത്തികൾക്ക് ഒരിക്കലും ഫലം നൽകാൻ സാധിക്കില്ല. ഫലം നൽകുന്നവൻ, അൽപ്പകാല സുഖം നൽകുന്നവൻ ഞാൻ തന്നേയാണ്, പരിധിയില്ലാത്ത സുഖദാതാവും ഞാൻ തന്നെയാണ്. ഞാൻ ദു:ഖദാതാവല്ല. ഞാൻ ദു:ഖ ഹർത്താവും, സുഖ കർത്താവുമാണ്. നിങ്ങൾ സുഖധാമിലെ സ്വർഗത്തിന്റെ സമ്പത്ത് നേടുന്നതിന് വന്നിരിക്കുന്നു. ഇതിന് വളരെ പത്ഥ്യം ആവശ്യമാണ്. ആദിയിൽ സുഖം, പിന്നീട് മദ്ധ്യത്തിൽ ഭക്തിമാർഗം ആരംഭിക്കുമ്പോൾ സുഖം കഴിഞ്ഞ് ദു:ഖം ആരംഭിക്കുന്നു. പിന്നീട് ദേവീ ദേവതമാർ വാമമാർഗ്ഗത്തിൽ, വികാര മാർഗത്തിൽ വീണ് പോകുന്നു. അവിടേ നിന്ന് തന്നേയാണ് ഭക്തി ആരംഭിക്കുന്നത്. ആദിയിൽ സുഖവും, മദ്ധ്യത്തിൽ ദു:ഖവും ആരംഭിക്കുന്നു. അന്തിമത്തിൽ വലിയ ദു:ഖമായിരിക്കും. ബാബ പറയുന്നു ഇപ്പോൾ എല്ലാവർക്കും സുഖവും, ശാന്തിയും നൽകുന്നത് ഞാൻ തന്നെയാണ്. നിങ്ങളെ സുഖധാമിൽ പോകുന്നതിന് തയ്യാറാക്കുന്നു. ബാക്കി എല്ലാവരും കണക്കുകൾ തീർത്ത് ശാന്തീധാമിൽ പോകും. ശിക്ഷകൾ വളരെ അനുഭവിക്കേണ്ടി വരും. ട്രിബ്യൂണൽ ഇരിക്കുന്നു. ബാബ മനസിലാക്കി തരുന്നു കാശിയിലും ബലിയർപ്പിക്കാറുണ്ടായിരുന്നു. കാശീ കൽവർട്ട് എന്ന് പറയാറില്ലേ. ഇപ്പോൾ കാശിയിൽ ശിവന്റെ ക്ഷേത്രമുണ്ട്. അവിടെ ഭക്തിമാർഗത്തിൽ ശിവന്റെ ഓർമ്മയിൽ ഇരിക്കുന്നു. മതി,

ഇപ്പോൾ അങ്ങയുടെ അടുക്കൽ വരാം എന്ന് പറയുന്നു. കരഞ്ഞ് കരഞ്ഞ് ശിവന്റെ അടുക്കൽ ബലിയർപ്പിതരാകുകയാണെങ്കിൽ അൽപ്പകാല ക്ഷണഭംഗുരമായ അൽപ്പം ഫലം ലഭിക്കുന്നു. ഇവിടെ നിങ്ങൾ 21 ജന്മത്തേക്ക് സമ്പത്ത് നേടുന്നതിന് വേണ്ടി ബലിയർപ്പിതരാകുന്നു അതായത് ജീവിച്ചിരിക്കെ ശിവന്റേതാകുന്നു. ജീവത്യാഗത്തിന്റെ കാര്യമില്ല. ബാബാ ജീവിച്ചിരിക്കെ ഞാൻ അങ്ങയുടേതാണ്. ഞങ്ങൾ ശിവബാബയുടേതാകും എന്ന് വിചാരിച്ച് അവർ ശിവനിൽ ബലിയർപ്പിതരാകുന്നു, മരിക്കുന്നു. എന്നാൽ അങ്ങിനെയാകുന്നില്ല. ഇവിടെ ജീവിച്ചിരിക്കെ ബാബയുടേതായി, അടുക്കൽ വന്നു, ശേഷം ബാബയുടെ മതമനുസരിച്ച് നടക്കണം, അപ്പോൾ മാത്രമേ ശ്രേഷ്ഠ ദേവതയാകുകയുള്ളൂ. നിങ്ങളിപ്പോൾ ആയിക്കൊണ്ടിരിക്കുന്നു. കൽപ്പ–കൽപ്പം നിങ്ങൾ ഈ പുരുഷാർത്ഥം ചെയ്ത് വന്നിരിക്കുന്നു. ഇത് പുതിയ ഒരു കാര്യമൊന്നുമല്ല.

ലോകം പഴയതായി കൊണ്ടിരിക്കുന്നു. പിന്നീട് തീർച്ചയായും പുതിയത് വേണ്ടേ. ഭാരതം പുതിയ സുഖധാമമായിരുന്നു, ഇപ്പോൾ പഴയ ദു:ഖധാമമായി. സൃഷ്ടി ഒന്ന്മാത്രമാണ് എന്ന് കൂടി മനസിലാക്കാത്ത കല്ല് ബുദ്ധികളായിരിക്കുന്നു മനുഷ്യർ. ഇത് തന്നെയാണ് പുതിയതും പഴയതുമാകുന്നത്. മായ ബുദ്ധിയെ പൂട്ടി പൂർണമായും തുച്ഛ ബുദ്ധികളാക്കിയിരിക്കുന്നു, അതിനാലാണ് കർത്തവ്യം മനസ്സിലാക്കാതെതന്നെ പകരം ദേവതമാരുടെ പൂജ ചെയ്ത് കൊണ്ടിരിക്കുന്നത്, ഇതിനെ അന്ധവിശ്വാസം എന്ന് പറയുന്നു. ദേവിമാരുടെ പൂജയ്ക്ക് വേണ്ടി കോടികണക്കിന് രൂപ ചിലവഴിക്കുന്നു, ഇവരുടെ പൂജ ചെയ്ത് കഴിപ്പിക്കുകയും കുടിപ്പിക്കുകയും ചെയ്ത് പിന്നീട് സമുദ്രത്തിൽ കൊണ്ട് പോയി താഴ്ത്തുന്നു അപ്പോളിത് പാവകളുടെ പൂജയല്ലേ ചെയ്യുന്നത്. ഇതിലൂടെ എന്ത് നേട്ടമാണ്?എത്ര ആഢംബരത്തോടെ ആഘോഷിക്കുന്നു, ചിലവ് ചെയ്യുന്നു, ആഴ്ചക്ക് ശേഷം ശ്മശാനത്തിൽ ശവം മറവ് ചെയ്യുന്നത് പോലെ സമുദ്രത്തിൽ കൊണ്ട് പോയി മുക്കുന്നു. ഭഗവാൻ പറഞ്ഞു – ഇത് ആസുരീയ സമ്പ്രദായത്തിന്റെ രാജ്യമാണ്, ഞാൻ നിങ്ങളെ ദൈവീക സമ്പ്രദായിയാക്കുന്നു. ചിലരിൽ നിശ്ചയമുണ്ടാകുക വളരെ പ്രയാസമാണ് കാരണം ബാബയെ സാകാരത്തിൽ കാണുന്നില്ല. ആഗാഖാൻ സാകാരത്തിലായിരുന്നു അതിനാൽ എത്ര പിൻഗാമികളായിരുന്നു, സ്വർണവും, വജ്രവും കൊണ്ട് തുലാഭാരം നടത്തിയിരുന്നു. ഇത്രയും മഹിമ ഏതൊരു ചക്രവർത്തിക്കും ഉണ്ടായിട്ടില്ല. ഒന്നും ചെയ്തിട്ടേയില്ല. ബാബ മനസിലാക്കി തരുന്നു ഇതിനെയാണ് അന്ധവിശ്വാസം എന്ന് പറയുന്നത് കാരണം സ്ഥായിയായ സുഖം ഉണ്ടാകുന്നില്ലല്ലോ. വളരെ മോശമായവരുമുണ്ട്, വലിയ വലിയ ആളുകളിൽ നിന്ന് വലിയ പാപം ഉണ്ടാകുന്നു. ബാബ പറയുന്നു ഞാൻ ദരിദ്രരുടെ നാഥനാണ്. ദരിദ്രരിൽ ഇത്രയും പാപം ഉണ്ടാകുന്നില്ല. ഈ സമയം എല്ലാവരും പാപാത്മാക്കളാണ്. ഇപ്പോൾ നിങ്ങൾക്ക് പരിധിയില്ലാത്ത അച്ഛനെ ലഭിച്ചിരിക്കുന്നു എന്നിട്ടും ഇടക്കിടെ ആ അച്ഛനെ മറക്കുന്നു. നിങ്ങൾ ആത്മാവല്ലേ !ആത്മാവിനേയും ആരും ഒരിക്കലും കണ്ടിട്ടില്ല. നക്ഷത്രത്തേ പോലെ ഭൃകുടി മദ്ധ്യത്തിൽ ഇരിക്കുന്നു എന്ന് മനസിലാക്കുന്നു. ആത്മാവ് പുറത്ത് പോകുമ്പോൾ ശരീരം നശിക്കുന്നു. ആത്മാവ് നക്ഷത്ര സമാനമാണെങ്കിൽ തീർച്ചയായും ആത്മാവാകുന്ന എന്റെ അച്ഛനും എന്നേ പോലെ നക്ഷത്ര സമാനമായിരിക്കും. എന്നാൽ ആ ബാബ സുഖസാഗരനും, ശാന്തിസാഗരനും ആണ്. നിരാകാരൻ എങ്ങിനെ സമ്പത്ത് നൽകും. തീർച്ചയായും ഭൃകുടിമദ്ധ്യത്തിൽ വന്നിരിക്കും. ആത്മാവ് ഇപ്പോൾ ജ്ഞാനം ധാരണ ചെയ്ത് ദുർഗതിയിൽ നിന്നും സദ്ഗതിയിലേക്ക് പോകുന്നു. ഇപ്പോൾ ആര് ചെയ്യുന്നുവോ അവർ നേടും. ബാബയെ ഓർമ്മിക്കുന്നില്ല എങ്കിൽ സമ്പത്തും നേടുന്നില്ല. ആരെയെങ്കിലും തനിക്ക് സമാനം സമ്പത്ത് നേടുന്നതിന് യോഗ്യരാക്കുന്നില്ല എങ്കിൽ ചില്ലി പൈസയുടെ പദവിയാണ് നേടുക എന്ന് മനസിലാക്കണം. ശ്രേഷ്ഠാചാരീ എന്നും ഭ്രഷ്ടാചാരീ എന്നും ആരേയാണ് പറയുന്നത് എന്ന് ബാബയിരുന്ന് മനസിലാക്കി തരുന്നു. ഭാരതത്തിൽ തന്നെയാണ് ശ്രേഷ്ഠാചാരീ ദേവതമാർ ഉണ്ടായിരുന്നത്. സ്വർഗീയ പിതാവ്.... എന്ന് മഹിമ പാടാറുണ്ട്, എന്നാൽ സ്വർഗീയ പിതാവ് എപ്പോഴാണ് വന്ന് സൃഷ്ടിയെ സ്വർഗമാക്കുന്നത് എന്ന് മനസിലാക്കുന്നില്ല. പൂർണമായും പുരുഷാർത്ഥം ചെയ്യുന്നില്ല അതുകൊണ്ട് ഡ്രാമയനുസരിച്ച് ആർക്ക് എത്ര ഭാഗ്യമുണ്ടോ അത് ലഭിക്കുന്നു എന്ന് നിങ്ങൾക്കറിയാം. ബാബയോട് ആരെങ്കിലും ചോദിക്കുകയാണെങ്കിൽ ഈ പോക്കിൽ നിങ്ങൾ ശരീരം വിടുകയാണെങ്കിൽ ഈ പദവി നേടും എന്ന് ബാബ പെട്ടെന്ന് ഉത്തരം പറയും. എന്നാൽ ചോദിക്കാനുള്ള ധൈര്യം പോലും ആരും കാണിക്കുന്നില്ല. നല്ല പുരുഷാർത്ഥം ചെയ്യുന്നവർ ഞങ്ങൾ എത്രത്തോളം അന്ധന്മാരുടെ ഊന്നുവടിയായിട്ടുണ്ട് എന്ന് മനസിലാക്കും. ബാബയും മനസിലാക്കുന്നു– ഇവർ നല്ല പദവി നേടും, ഈ കുട്ടി ഒട്ടും തന്നെ സേവനം ചെയ്തിട്ടില്ല അതിനാൽ അവിടെ ദാസ ദാസിയാകും. ചൂല് ഉപയോഗിക്കുന്നവർ, കൃഷ്ണനെ പാലിക്കുന്നവർ, മഹാറാണിയുടെ അലങ്കാരം ചെയ്യുന്നവർ എന്നീ ദാസ ദാസിമാരും ഉണ്ടാകില്ലേ. അവർ പവിത്ര രാജാക്കന്മാരാണ്, ഇവർ പതിത രാജാക്കന്മാരാണ്. അതിനാൽ പതിത രാജാക്കന്മാർ പവിത്ര രാജാക്കന്മാരുടെ ക്ഷേത്രങ്ങൾ ഉണ്ടാക്കി അവരുടെ പൂജ ചെയ്യുന്നു. ഒന്നും മനസിലാക്കുന്നില്ല.

ബിർളാമന്ദിരം എത്ര വലുതാണ്. എത്ര ലക്ഷ്മീ നാരായണ ക്ഷേത്രങ്ങൾ ഉണ്ടാക്കുന്നു, എന്നാൽ ലക്ഷ്മീ നാരായണൻ ആരാണ് എന്ന് മനസിലാക്കുന്നില്ല. പിന്നെ അവർക്ക് എന്ത് നേട്ടമുണ്ടാകാനാണ്? അൽപ്പകാല സുഖം മാത്രം. ജഗദംബയുടെ അടുക്കൽ പോകുന്നു എന്നാൽ ഈ ജഗദംബ തന്നേയാണ് ലക്ഷ്മിയാകുന്നത് എന്ന് അൽപ്പം പോലും മനസിലാക്കുന്നില്ല. ഈ സമയം നിങ്ങൾ ജഗദംബയിലൂടെ വിശ്വത്തിന്റെ എല്ലാ മനോകാമനകളേയും പൂർത്തീകരിക്കുന്നു. വിശ്വത്തിന്റെ രാജ്യം എടുത്ത് കൊണ്ടിരിക്കുന്നു. ജഗദംബ നിങ്ങളെ പഠിപ്പിച്ച് കൊണ്ടിരിക്കുന്നു. അവർ തന്നെയാണ് പിന്നീട് ലക്ഷ്മിയാകുന്നത്. വർഷാ വർഷം അവരോട് ഭിക്ഷയാചിക്കുന്നു. എത്ര വ്യത്യാസമുണ്ട്! ലക്ഷ്മിയോട് ഓരോ വർഷവും പണം യാചിക്കുന്നു. ലക്ഷ്മിയോട് ഞങ്ങൾക്ക് കുട്ടി വേണം, അല്ലെങ്കിൽ രോഗം മാറ്റി തരണം എന്നൊന്നും പറയാറില്ല. ഇല്ല, ലക്ഷ്മിയോട് ധനം മാത്രം ആവശ്യപ്പെടുന്നു. ലക്ഷ്മീ പൂജ എന്നാണ് പേര് തന്നെ. ജഗദംബയോട് ധാരാളം യാചിക്കുന്നു. അവർ എല്ലാ കാമനകളേയും പൂർത്തീകരി ക്കുന്നവരാണ്. ഇപ്പോൾ നിങ്ങൾക്ക് ജഗദംബയിലൂടെ സ്വർഗത്തിന്റെ ചക്രവർത്തീ പദവി ലഭിക്കുന്നു. ലക്ഷ്മിയിൽ നിന്ന് ഓരോ വർഷവും എന്തെങ്കിലുമെല്ലാം ധനത്തിന്റെ ഫലം ലഭിക്കുന്നു, അപ്പോൾ എല്ലാ വർഷവും പൂജ ചെയ്യുന്നു. ധനം നൽകുന്നവർ എന്ന് മനസിലാക്കുന്നു. ആ ധനത്തിലൂടെ പിന്നീട് പാപം ചെയ്യാൻ തുടങ്ങുന്നു. ധന പ്രാപ്തിക്ക് വേണ്ടിയും പാപം ചെയ്യുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അവിനാശീ ജ്ഞാന രത്നങ്ങൾ ലഭിക്കുന്നു, അതിലൂടെ നിങ്ങൾ സമ്പന്നരാകുന്നു. ജഗദംബയിലൂടെ സ്വർഗീയ രാജ്യം ലഭിക്കുന്നു. അവിടെ പാപം ഉണ്ടാകുന്നില്ല. എത്ര മനസിലാക്കേണ്ട കാര്യങ്ങളാണ്. ചിലർ വളരെ നല്ല രീതിയിൽ മനസിലാക്കുന്നു, ചിലർ ഒന്നും തന്നെ മനസിലാക്കുന്നില്ല, കാരണം ഭാഗ്യത്തിലില്ല. ശ്രീമതമനുസരിച്ച് നടക്കുന്നില്ലെങ്കിൽ ഒട്ടും തന്നെ ശ്രേഷ്ഠരാകുന്നില്ല. പിന്നെ പദവിയും ഭ്രഷ്ടമാകുന്നു. മുഴുവൻ രാജധാനിയും സ്ഥാപിതമായി കൊണ്ടിരിക്കുന്നു - ഇത് മനസിലാക്കണം. ഗോഡ്ഫാദർ സ്വർഗീയ രാജ്യം സ്ഥാപിച്ച് കൊണ്ടിരിക്കുന്നു പിന്നീട് ഭാരതം സ്വർഗമായി തീരും. ഇതിനേയാണ് കല്യാണകാരീ യുഗം എന്ന് പറയുന്നത്. ഇത് 100 വർഷത്തെ യുഗമാണ്. ബാക്കി എല്ലാ യുഗങ്ങളും 1250 വർഷമാണ്. അജ്മീരിൽ വൈകുണ്ഠത്തിന്റെ മോഡലുണ്ട്, സ്വർഗം എങ്ങിനെയായിരിക്കും എന്ന് കാണിക്കുന്നു. സ്വർഗം തീർച്ചയായും ഇവിടെ തന്നേയാണ് ഉണ്ടാകുന്നത്. അൽപ്പമെങ്കിലും കേട്ടാൽ സ്വർഗത്തിൽ പോകും, എന്നാൽ പഠിക്കുന്നില്ല എങ്കിൽ കാട്ടാളൻമാരെ പോലെയാകും. പ്രജയും നമ്പർ ക്രമത്തിലായിരിക്കും. എന്നാൽ അവിടെ ദരിദ്രർക്കും സമ്പന്നർക്കും എല്ലാവർക്കും സുഖമായിരിക്കും. ഇവിടെ ദു:ഖം തന്നെ ദു:ഖം. ഭാരതം സത്യയുഗത്തിൽ സുഖധാമമായിരുന്നു, കലിയുഗത്തിൽ ദു:ഖധാമാണ്. ഈ ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും ആവർത്തിക്കുക തന്നെ വേണം. ഈശ്വരൻ ഒന്ന് മാത്രം. ലോകവും ഒന്ന് മാത്രം. പുതിയ ലോകത്ത് ഏറ്റവും ആദ്യമാണ് ഭാരതം. ഇപ്പോൾ ഭാരതം പഴയതായി അതിന് വീണ്ടും പുതിയതാകണം. ഈ ലോകത്തിന്റെ ഹിസ്റ്ററി ജ്യോഗ്രഫി ഇങ്ങിനെ ആവർത്തിച്ച് കൊണ്ടിരിക്കും മറ്റാർക്കും ഈ കാര്യങ്ങൾ അറിയില്ല. എല്ലാവരും ഒരു പോലെ ആകില്ല. അവിടേയും പദ വിയുണ്ടായിരിക്കും. അവിടെ പോലീസുകാർ ഉണ്ടാകുകയേ ഇല്ല കാരണം അവിടെ ഭയമുണ്ടാകുന്നില്ല. ഇവിടെ ഭയമുണ്ട് അതിനാൽ പോലീസുകാർ തുടങ്ങിയവരെല്ലാം ഉണ്ടാകും. ഭാരതത്തെ കഷ്ണം കഷ്ണമാക്കി. സത്യയുഗത്തിൽ ഭാഗം തിരിക്കലൊന്നും ഇല്ല. ലക്ഷ്മീ നാരായണന്റെ ഒരു രാജ്യം മാത്രമായിരിക്കും ഉണ്ടാകുക. പാപം ഒട്ടും തന്നെ ഉണ്ടാകുന്നില്ല. ഇപ്പോൾ ബാബ പറയുന്നു - മക്കളേ, എന്റെ മതമനുസരിച്ച് നടന്ന് എന്നിൽ നിന്ന് സദാ സുഖത്തിന്റെ സമ്പത്ത് എടുക്കൂ. സദ്ഗതിയുടെ മാർഗം ഒരേയൊരു ബാബ കാണിച്ച് തരുന്നു. ഇത് ഭാരതത്തെ സ്വർഗമാക്കി മാറ്റുന്ന ശിവശക്തിസേനയാണ്. ഇവർ ശരീരം മനസ് ധനം എല്ലാം ഈ സേവയിൽ അർപ്പിക്കുന്നു. ആ ബാപ്പുജി ക്രിസ്തുമതക്കാരെ ഓടിച്ചു, ഇതും ഡ്രാമയിൽ അടങ്ങിയതാണ്. എന്നാൽ അതിലൂടെ സുഖമൊന്നും ഉണ്ടായില്ല കൂടുതൽ ദു:ഖമാണ്. അന്നം പോലുമില്ല, അത് കിട്ടും, ഇത് സംഭവിക്കും... എന്നിങ്ങനെ വാചകമടിച്ച് കൊണ്ടിരിക്കും. ലഭിക്കുന്നത് ബാബയിൽ നിന്ന് മാത്രമാണ്. ബാക്കി ഇവയെല്ലാം അവസാനിക്കും. ജനന നിയന്ത്രണം ചെയ്യൂ എന്ന് പറയാറുണ്ട്, അതിന് വേണ്ടി പ്രയത്നിച്ച് കൊണ്ടിരിക്കും, എന്നാൽ ഒന്നും നടക്കുന്നില്ല. ഇപ്പോൾ യുദ്ധമുണ്ടാകുകയാണെങ്കിൽ ദുരന്തങ്ങളുണ്ടാകും. പരസ്പരം കലഹിച്ച് കൊണ്ടിരിക്കും. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യ സാരം:-**

1) ജീവിച്ചിരിക്കെ ബാബയിൽ ബലിയർപ്പിതരാകണം അതായത് ബാബയുടേതായി ബാബയുടെ തന്നെ ശ്രീമതമനുസരിച്ച് നടക്കണം. തനിക്ക് സമാനമാക്കുന്നതിന്റെ സേവനം ചെയ്യണം.

2) അവിനാശീ ജ്ഞാനരത്നങ്ങൾ ദാനം ചെയ്ത് ജഗദംബയ്ക്ക് സമാനം സർവ്വരുടെ മനോകാമനകളേയും പൂർത്തീകരിക്കുന്നവരായി തീരണം.

## വരദാനം:- സേവനങ്ങളിൽ സദാ സഹയോഗിയായി സഹജയോഗത്തിന്റെ വരദാനം പ്രാപ്തമാക്കുന്ന വിശേഷതാ സമ്പന്നരായി ഭവിക്കൂ

ബ്രാഹ്മണ ജീവിതം വിശേഷതാ സമ്പന്ന ജീവിതമാണ്, ബ്രാഹ്മണനാകുക അർത്ഥം സഹയോഗി ഭവയുടെ വരദാനം പ്രാപ്തമാക്കുക. ഇതാണ് ഏറ്റവും ആദ്യത്തെ ജന്മ വരദാനം. ഈ വരദാനത്തെ സദാ ബുദ്ധി യിൽ ഓർമ്മ വയ്ക്കണം - ഇതാണ് വരദാനത്തെ ജീവിതത്തിൽ കൊണ്ട് വരിക. വരദാനത്തെ നില നിർത്തുന്നതിന്റെ സഹജമായ വിധിയാണ് - സർവ്വ ആത്മാക്കളെ പ്രതി വരദാനത്തെ സേവനത്തിൽ ഉപ യോഗിക്കുക. സേവനത്തിൽ സഹയോഗിയായകുക തന്നെയാണ് സഹജയോഗിയാകുക. അതുകൊണ്ട് ഈ വരദാനത്തെ സ്മൃതിയിൽ വച്ച് വിശേഷതാ സമ്പന്നരാകൂ.

## സ്ലോഗൻ:- തന്റെ മസ്തക മണിയിലൂടെ തന്റെ സ്വരൂപവും ശ്രേഷ്ഠ ലക്ഷ്യത്തിന്റെ സാക്ഷാത്ക്കാരവും ചെയ്യിക്കുന്നത് തന്നെയാണ് ലൈറ്റ് ഹൗസാകുക.